മുദ്രകൾ

# ഏദൻ കടലിടുക്കിലെ കപ്പൽകൊള്ള; ഒന്നാംപ്രതി ആര്?




**സോമാലിയൻ** കടൽകൊള്ളക്കാരിൽനിന്ന് എങ്ങനെ തങ്ങളുടെ കപ്പലുകളെ രക്ഷിക്കും എന്നോർത്ത് തലപുകക്കുകയാണ് രാഷ്ട്ര സാരഥികൾ. കൊള്ളക്കാരെ തുരത്താൻ ചില രാഷ്ട്രങ്ങൾ ഒറ്റപ്പെട്ട നീക്കങ്ങൾ നടത്തിയിരുന്നെങ്കിലും അതൊന്നും ഫലംകണ്ടില്ല. ഓരോ കപ്പൽ റാഞ്ചുമ്പോഴും കൈയിൽ വരുന്ന മില്യൻ കണക്കിന് ഡോളറുകൾ ഉപയോഗിച്ച് അതിവേഗതയുള്ള ബോട്ടുകളും വെടിക്കോപ്പുകളും കൊള്ളക്കാർ വാങ്ങിക്കൂട്ടിയിട്ടുണ്ട്. അന്താരാഷ്ട്ര സമൂഹം ശക്തമായി ഇടപെട്ടില്ലെങ്കിൽ ചരക്കു കപ്പലുകളുടെ യാത്ര ഭാവിയിൽ കൂടുതൽ അരക്ഷിതമാവും എന്നാണ് ഇതൊക്കെ നൽകുന്ന സൂചന.

നൂറ് മില്യൻ ഡോളർ വിലയുള്ള എണ്ണ കയറ്റിവന്ന സൈറസ് സ്റ്റാർ എന്ന സുഊദി കപ്പൽ റാഞ്ചിയതാണ് ഇതുവരേക്കും നടന്ന ഏറ്റവും 'വിലപിടിപ്പുള്ള' കൊള്ള. 25 മില്യൻ ഡോളറാണ് കൊള്ളക്കാർ മോചനദ്രവ്യം ആവശ്യപ്പെട്ടിരിക്കുന്നത്. കഴിഞ്ഞ ജനുവരി മുതൽ നൂറോളം കപ്പലുകളെ സോമാലിയൻ കടൽകൊള്ളക്കാർ ആക്രമിക്കുകയുണ്ടായി. 38 കപ്പലുകൾ അവർ തട്ടിക്കൊണ്ടുപോയി. 17 കപ്പലുകൾ ഇനിയും വിട്ടുകൊടുത്തിട്ടില്ല. 250 കപ്പൽ ജോലിക്കാർ ഇവരുടെ ബന്ദികളായി കഴിയുന്നു.

ഈ ഭാഗത്ത് കടൽകൊള്ള മുമ്പും ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ മാത്രം ഇത് ശക്തിപ്പെടാൻ എന്താണ് കാരണം? പ്രശ്നത്തിന്റെ അടിവേരുകളിലേക്ക് റിപ്പോർട്ടുകളിൽ ഒരു സൂചനയും ഇല്ല. നിരവധി യുദ്ധപ്രഭുക്കൾ തുണ്ടുതുണ്ടാക്കി കൈവശം വെച്ചുപോരുന്ന ഒരു ഭൂപ്രദേശം മാത്രമാണ് ഇന്ന് സോമാലിയ. അതൊരു രാഷ്ട്രമല്ലാതായിക്കഴിഞ്ഞിട്ട് ഒന്നര പതിറ്റാണ്ടെങ്കിലുമായി. അമേരിക്കയുടെ സൈനിക ഇടപെടലാണ് സോമാലിയയെ ഈവിധം ശിഥിലമാക്കിയത്. ചെറുത്തുനിൽപ് പോരാളികളുടെ തിരിച്ചടികളിൽ പൊറുതിമുട്ടി അമേരിക്കൻ സൈന്യം സോമാലിയയിൽനിന്ന് പിൻവാങ്ങിയെങ്കിലും തങ്ങൾക്ക് വഴിപ്പെടാത്തവർ അവിടെ അധികാരത്തിൽ വരാതിരിക്കാൻ ഏതറ്റം വരെ പോകാനും അമേരിക്ക ഒരുക്കമായിരുന്നു.

ഇസ്‌ലാമിക് കോർട്ട്സിന്റെ കാര്യത്തിൽ അതാണ് സംഭവിച്ചത്. ഏതാനും ചെറുത്തുനിൽപ് സംഘങ്ങളുടെ ഈ കൂട്ടായ്മ സോമാലിയയുടെ മിക്ക ഭാഗങ്ങളും കീഴ്പ്പെടുത്തുകയും അവിടങ്ങളിൽ ഏറെക്കുറെ ഭദ്രമായ ക്രമസമാധാന നില പുനഃസ്ഥാപിക്കുകയും ചെയ്തിരുന്നു. കടൽകൊള്ളക്കാരെ ഏതാണ്ട് പൂർണമായി അമർച്ച ചെയ്തു. എത്യോപ്യൻ സൈന്യവും അമേരിക്കൻ യുദ്ധവിമാനങ്ങളും ചേർന്ന് 2006 മധ്യത്തോടെ ഇസ്‌ലാമിക് കോർട്ട്സിനെ അധികാരത്തിൽനിന്ന് പുറത്താക്കി. അതിനു ശേഷമാണ് കടൽകൊള്ളക്കാർ സ്വൈരവിഹാരം തുടങ്ങിയത്. ഒന്നാം പ്രതി അമേരിക്കക്കെതിരെ വിരൽചൂണ്ടാൻ ധൈര്യമില്ലാതെ രാഷ്ട്രങ്ങളും മീഡിയയും ഇവിടെയും ഒരു പ്രത്യേക സമുദായത്തെ പ്രതിക്കൂട്ടിൽ കയറ്റാൻ നോക്കുകയാണ്. ■

# അൾട്രാ സെക്യുലരിസ്റ്റുകൾക്കും വേണം ഹിജാബ്!

മുദ്രകൾ



*ഹിജാബ് ധരിച്ച സ്ത്രീയെ പാർട്ടി വേദിയിൽ ആദരിക്കുന്ന ഡെനിസ് ബയ്ക്കൽ*

**സാക്ഷാൽ** കമാൽ അത്താതുർക്ക് ജന്മം കൊടുത്ത രാഷ്ട്രീയ സംഘടനയാണ് റിപ്പബ്ലിക്കൻ പീപ്പ്ൾസ് പാർട്ടി. തുർക്കി റിപ്പബ്ലിക്കിലെ ആദ്യത്തെ ദേശീയ പാർട്ടി. മതവിരുദ്ധമായ ടർക്കിഷ് മതേതരത്വത്തിൽ അൽപം പോലും വെള്ളം ചേർക്കാത്തവർ. ഈ പാർട്ടിയുടെ ഇപ്പോഴത്തെ അധ്യക്ഷനാണ് ഡെനിസ് ബയ്ക്കൽ. ഹിജാബിന്റെ കണ്ഠകോടാലി. ഇദ്ദേഹം ഹിജാബ് ധരിച്ച ഒരു സ്ത്രീയെ പാർട്ടിവേദിയിൽ ആദരിക്കുന്ന ചിത്രം മതേതര വൃത്തങ്ങളിലുണ്ടാക്കിയ അങ്കലാപ്പ് ചില്ലറയല്ല. തൊട്ടുടനെ വന്നു പാർട്ടിയുടെ ഇസ്തംബൂൾ മേഖലയുടെ അധ്യക്ഷൻ ഗോർസാൽ തകീന്റെ പ്രസ്താവന: ഹിജാബിട്ട പെൺകുട്ടികൾക്കും യൂനിവേഴ്സിറ്റികളിൽ പ്രവേശനം നൽകണം!


പൊടുന്നനെയുള്ള ഈ ചുവടുമാറ്റത്തിന്റെ കാരണമറിയാതെ അമ്പരക്കുകയാണ് രാഷ്ട്രീയ നിരീക്ഷകർ. ഹിജാബ് ധരിച്ചും പെൺകുട്ടികൾക്ക് യൂനിവേഴ്സിറ്റികളിൽ പോകാം എന്ന് ഭരണകക്ഷിയായ എ.കെ പാർട്ടി നിയമഭേദഗതി കൊണ്ടുവന്നപ്പോൾ അത് നിഷ്കരുണം റദ്ദാക്കിയ ഭരണഘടനാകോടതി നടപടിയെ കഴിഞ്ഞ ജൂലൈയിൽ പടക്കം പൊട്ടിച്ച് ആഘോഷിച്ചവരാണ് റിപ്പബ്ലിക്കൻ പാർട്ടിക്കാർ. ഇസ്ലാമിക ഒളിയജണ്ടകൾ നടപ്പാക്കുന്ന എ.കെ പാർട്ടിക്കുള്ള മുന്നറിയിപ്പാണിതെന്ന് അവർ ഭീഷണിപ്പെടുത്തുകയും ചെയ്തു.

ഇപ്പോഴിതാ, പീപ്പ്ൾസ് പാർട്ടി ഇസ്ലാമിക ചായ്‌വുള്ള എ.കെ പാർട്ടിയുടെ ഭാഷയിൽ സംസാരിക്കുന്നു! തുർക്കി സമൂഹത്തിൽ പ്രകടമാകുന്ന ഇസ്ലാമികമായ ഉണർവിനെ അൾട്രാ സെക്യുലരിസ്റ്റുകൾ പോലും അംഗീകരിക്കാൻ തയാറാവുന്നതിന്റെ സൂചനയായി ചില രാഷ്ട്രീയ നിരീക്ഷകർ ഇതിനെ കാണുന്നു. "വെറും അടവ്നയം മാത്രമാണിത്. അടുത്ത മാർച്ചിൽ തദ്ദേശ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടക്കുകയാണ്. സ്ത്രീ വോട്ടർമാർ വിധിനിർണയിക്കുന്ന ആ തെരഞ്ഞെടുപ്പിൽ ഇങ്ങനെ ചില പൊടിക്കൈകൾ പ്രയോഗിച്ചാലേ രക്ഷയുള്ളൂ'' എന്നാണ് ഇബ്റാഹീം അഖ്ബാബ് എന്ന രാഷ്ട്രീയ നിരീക്ഷകന്റെ അഭിപ്രായം.

വരാൻപോകുന്ന കോർപറേഷൻ–മുൻസിപ്പൽ തെരഞ്ഞെടുപ്പിൽ 49.5 ശതമാനം വോട്ട് നേടി എ.കെ പാർട്ടി ഒന്നാം സ്ഥാനം നേടുമെന്നാണ് ഒടുവിലത്തെ അഭിപ്രായ വോട്ടെടുപ്പ് നൽകുന്ന സൂചന. പീപ്പ്ൾസ് പാർട്ടി രണ്ടാം സ്ഥാനം നേടുമെങ്കിലും 25 ശതമാനം വോട്ട് മാത്രമേ ലഭിക്കൂ. ഇത്തവണ 60 ശതമാനം വോട്ട് നേടുകയാണ് ലക്ഷ്യമെന്ന് തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ തുടക്കത്തിൽ തന്നെ എ.കെ പാർട്ടി പ്രഖ്യാപിച്ചിരുന്നു. ■


## ● നേരറിവ്

ബാവ താനൂർ



മുദ്രകൾ

# അറബ് വാർപ്പ് മാതൃകകളുമായി മറ്റൊരു ഹോളിവുഡ് ചിത്രം




***കിംഗ്ഡം** ഓഫ് ഹെവ*നുശേഷം റിഡ്‌ലി സ്കോട്ട് എന്ന ഹോളിവുഡ് സംവിധായകന്റെ പുതിയ 'മിഡിലീസ്റ്റ്' ചിത്രമാണ് *ബോഡി ഓഫ് ലൈസ്.* അപാകതകൾ പലതുണ്ടെങ്കിലും കുരിശുയുദ്ധങ്ങളിലെ ക്രൈസ്തവ -മുസ്‌ലിം പക്ഷങ്ങളെ ഏറെക്കുറെ നിഷ്പക്ഷമായി നോക്കിക്കാണാൻ *കിംഗ്ഡം ഓഫ് ഹെവനി*ൽ റിഡ്‌ലി സ്കോട്ടിന് സാധിച്ചിരുന്നു. *ബോഡി ഓഫ് ലൈസി*ൽ ആകട്ടെ സംവിധായകൻ വളരെ പിറകോട്ട് പോയി. ബുഷിന്റെ 'ഭീകരതാവിരുദ്ധ യുദ്ധ'ത്തിന്റെ ദൃശ്യവ്യാഖ്യാനമായി മാറുകയായിരുന്നു ഈ ചിത്രം. മുഖ്യ കഥാപാത്രത്തിന്റെ (മിഡിലീസ്റ്റിലെ സി.ഐ.എ ഏജന്റായി വേഷമിടുന്ന ലിയനാർഡോ ഡികാപ്രിയോ) പൗരസ്ത്യ സ്നേഹമോ പൗരസ്ത്യ നന്മകളെ പ്രതിനിധീകരിക്കുന്ന നഴ്സ് ഐഷ (ഇറാനിയൻ നടി ഗുൽശിഫ്താ ഫറാഹാനി)യെപ്പോലുള്ള കഥാപാത്രങ്ങളോ പരമ്പരാഗത അറബ്-മുസ്‌ലിം വിരുദ്ധ വാർപ്പ് മാതൃകയിൽ പൊലിപ്പിച്ചെടുത്ത ഈ ചിത്രത്തെ വ്യത്യസ്തമാക്കുന്നില്ല. *ട്രൂലൈസി*ലെ പോലെ *ബോഡി ഓഫ് ലൈസി*ലും അറബ്‌വിരുദ്ധ മനോഭാവം സൃഷ്ടിക്കാൻ ഇമേജുകളും ശബ്ദങ്ങളും സമർഥമായി വിന്യസിച്ചിരിക്കുന്നു സംവിധായകൻ. സ്ഫോടനം നടക്കുന്നതിന് മുമ്പോ അതിന് ശേഷമോ പശ്ചാത്തലത്തിൽ ബാങ്ക് വിളി ഉയരുന്നത് ഉദാഹരണം. അറബ് തെരുവുകളിലെ വഴിവാണിഭ ബഹളങ്ങൾക്കിടയിൽ ഖുർആൻ പാരായണം മിക്സ് ചെയ്യുന്നതും കാണാം. അതും സ്ഫോടനത്തിനോ വെടിവെപ്പിനോ ഉള്ള ഒരു മുന്നോടി.

യൂറോപ്യൻ നഗരങ്ങളിൽ സ്ഫോടനങ്ങൾ നടത്താൻ പദ്ധതിയിടുന്ന അൽസലീം എന്ന ഭീകരനെ പിടികൂടാനാണ് സി.ഐ.എ ഏജന്റ് ജോർദാനിലെ അമ്മാനിലെത്തുന്നത്. ഈ ഭീകരൻ നടത്തുന്ന ഹൈടെക് സ്ഫോടനങ്ങൾ പലതവണ സ്ക്രീനിൽ നിറയുന്നുണ്ട്. ബോംബ് പൊട്ടിക്കാൻ റിമോട്ടിൽ കൈ വെക്കുന്നത് 'ബിസ്മില്ലാ...' എന്ന് പറഞ്ഞുകൊണ്ട്. ജിഹാദിസ്റ്റ്, ബാത്തിസ്റ്റ്, ശഹീദ്, സലഫി മോസ്ക് തുടങ്ങിയ പദങ്ങൾ സ്ഥാനത്തും അസ്ഥാനത്തുമൊക്കെ സംഭാഷണങ്ങളിൽ കയറിവരുന്നു.

ഭീകരപ്രവർത്തനം നടത്തുന്നത് ഒരു വിഭാഗം മാത്രമാണെന്ന് സംവിധായകൻ സൂചിപ്പിക്കുന്നുണ്ടെങ്കിലും, ബാങ്കിന്റെയും ഖുർആനിക സൂക്തങ്ങളുടെയും അകമ്പടിയോടെ അദ്ദേഹമൊരുക്കുന്ന ദൃശ്യങ്ങൾ മുസ്‌ലിംസമുദായത്തെ മൊത്തം പ്രതിക്കൂട്ടിൽ കയറ്റാൻ പോന്നതാണ്. ബുഷിന്റെ 'ഭീകരതാവിരുദ്ധ' യുദ്ധങ്ങൾക്ക് മണ്ണൊരുക്കുന്നതിൽ പ്രധാന പങ്ക് വഹിച്ച *വാഷിംഗ്ടൺ പോസ്റ്റ്* എന്ന പത്രത്തിന്റെ വിദേശകാര്യ കോളമിസ്റ്റ് ഡേവിഡ് ഇഗ്നേഷ്യസ് ഇതേ പേരിൽ എഴുതിയ നോവലിനെ ആധാരമാക്കിയതിനാൽ ചിത്രം ഇങ്ങനെയാവാൻ തന്നെ തരമുള്ളൂ. ചില പൗരസ്ത്യ കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സംഗതി അൽപം മൃദുവാക്കാൻ സംവിധായകൻ ശ്രമിച്ചിരിക്കുന്നു എന്നത് മാത്രമാണ് ആശ്വാസം. ■